# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3716 | 20.06.2019 ൽ മറുപടിയ്ക്ക് |
|---|---|
| **തിരുവനന്തപുരം മണ്ഡലത്തിൽ മാതൃകാ അങ്കണവാടികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീ.വി.എസ്.ശിവകുമാർ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| എ) മാതൃകാ അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുന്നതിന് സ്ഥലം നിർദ്ദേശിച്ചിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സാമൂഹ്യനീതി വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | എ) ഉണ്ട്. തിരുവനന്തപുരം നിയോജകമണ്ഡലത്തിലെ വലിയതുറ, ശംഖുമുഖം എന്നിവിടങ്ങളിൽ മാതൃക അങ്കണവാടി നിർമ്മിക്കുന്നതിന് വലിയതുറ സെന്റ് സേവിയേഴ്സ് നഗർ, ഡയറി ഡവലപ്പ്മെന്റ് വക ഭൂമി, ശംഖുമുഖം പോലീസ് സ്റ്റേഷന് സമീപമുള്ള റവന്യൂ ഭൂമി എന്നിവ അനുയോജ്യമാണെന്ന് ബഹു. തിരുവനന്തപുരം എം.എൽ.എ കത്ത് നൽകിയതിൻ പ്രകാരം തിരുവനന്തപുരം അർബൻ I ഐസിഡിഎസ് പ്രോജക്ടിലെ 19-ാം നമ്പർ അങ്കണവാടിയ്ക്കായി വലിയതുറ ഭാഗത്ത് ലഭ്യമായ ഭൂമി താലൂക്ക് ഓഫീസിൽ നിന്നും പരിശോധന നടത്തി അളന്ന് തിട്ടപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം അർബൻ 4 ഐസിഡിഎസ് പ്രോജക്ടിലെ 152-ാം നമ്പർ അങ്കണവാടിയ്ക്കായി ശംഖുമുഖം ഭാഗത്ത് ലഭ്യമായ പുറമ്പോക്ക് ഭൂമി റവന്യൂ വകുപ്പിൽ നിന്നും പരിശോധന നടത്തിയിട്ടുണ്ട്. |
| ബി) അങ്കണവാടികൾ എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിനായി വലിയതുറ സെന്റ് സേവ്യേഴ്സ് നഗറിലെ ഡെയറി ഡെവലപ്മെന്റ് വകുപ്പിന്റെ അധീനതയിലുള്ള ഭൂമി, ശംഖുമുഖം പോലീസ് സ്റ്റേഷന് സമീപമുള്ള റവന്യൂ വകുപ്പിന്റെ അധീനതിയിലുള്ള ഭൂമി എന്നിവ | (ബി)&(സി) നിലവിൽ ഉപയോഗാനുമതി ലഭ്യമായിട്ടില്ല. ഉപയോഗാനുമതി ലഭിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അങ്കണവാടി കെട്ടിട നിർമ്മാണത്തിന് നടപടി സ്വീകരിക്കുന്നതാണ്. |

| | |
|---|---|
| സാമൂഹ്യനീതി വകുപ്പ് ഏറ്റെടുത്ത് നിർമ്മാണം ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ; | |
| സി) പ്രൊപ്പോസൽ സമർപ്പിച്ച് രണ്ട് വർഷം പിന്നിട്ടിട്ടും യാതൊരു നടപടിയുമുണ്ടാകാത്തതിനാൽ കാലതാമസം ഒഴിവാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ആവശ്യമായ നിർദ്ദേശം നൽകുമോ; പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ? | |

സെക്ഷൻ ഓഫീസർ